പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3416 — 19.06.2019-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായ വരുമാന വർദ്ധനവ്**

ചോദ്യം

ശ്രീ.എ.പി. അനിൽ കുമാർ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റൂട്ടുകളുടെ ശാസ്ത്രീയമായ പുനക്രമീകരണത്തിലൂടെയും പുതിയ ചെയിൻ സർവ്വീസ് ആരംഭിച്ചതിലൂടെയും കെ.എസ്.ആർ.ടി.സി.ക്ക് വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ശേഷം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായ വരുമാന വർദ്ധനവ് വ്യക്തമാക്കുമോ; | (ബി) | 2019 ഏപ്രിൽ മാസത്തെ പ്രതിദിന ശരാശരി വരുമാനത്തേക്കാൾ മെയ് മാസത്തെ പ്രതിദിന ശരാശരി വരുമാനത്തിൽ 15.32 ലക്ഷം രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സഹായകമായിട്ടുണ്ടോ; | (സി) | കോർപ്പറേഷന്റെ വരവും-ചെലവും തമ്മിലുള്ള പ്രതിമാസ അന്തരം 42 കോടി രൂപയാണ്. പ്രതിദിന വരുമാനത്തിലുണ്ടായ വർദ്ധനവ് കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ തക്കവണ്ണം പര്യാപ്തമല്ല. |
| (ഡി) | വരുമാനം വർദ്ധിച്ച സാഹചര്യത്തിൽ ജീവനക്കാർക്കും പെൻഷൻകാർക്കും മുടക്കം കൂടാതെ ശമ്പളവും പെൻഷനും നൽകുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നും പെൻഷനും, ശമ്പളവും നൽകത്തക്കവിധം വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടില്ല. അതുകൊണ്ടു തന്നെ റവന്യൂ വരുമാനത്തിൽ നിന്നും പെൻഷനും, ശമ്പളവും മുടക്കം കൂടാതെ നൽകുവാൻ കഴിയുകയില്ല. നിലവിൽ പെൻഷൻ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേനയും, net salary സർക്കാർ സഹായത്തോടുകൂടിയുമാണ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ